രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ നടപടി

158(2413) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. എം. മോനായി :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) പദ്ധതി പ്രകാരം സംസ്ഥാനത്ത് നടന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) പദ്ധതി നടപ്പിലാക്കിയതുമൂലം ഏതെല്ലാം മേഖലകളിൽ ഉല്പാദന വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചു ;

(ഇ) പദ്ധതിപ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പതിനൊന്നാം പദ്ധതിയിൽ കാർഷിക മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനത്തിലൂടെ 4% വാർഷിക വളർച്ചാനിരക്ക് കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് രാഷ്ട്രീയ കൃഷി വികാസ് യോജന വിഭാവന ചെയ്തിരിക്കുന്നത്. നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പുറമേ അധിക കേന്ദ്ര സഹായം പദ്ധതി വിഹിതമായി നൽകുന്നതിന് രൂപം കൊടുത്തിരിക്കുന്ന ഈ പദ്ധതി പൂർണ്ണമായും കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. ആർ.കെ.വി.വൈ. ഒരു സംസ്ഥാന പദ്ധതി ആയിരിക്കും. സംസ്ഥാന ബഡ്ജറ്റിൽ കൃഷിക്കും അനുബന്ധ മേഖലകൾക്കും വക കൊള്ളിച്ചിട്ടുള്ള തുകയുടെ അനുപാതത്തിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര സഹായം ലഭിക്കുന്നത്. സംസ്ഥാന കൃഷി വകുപ്പാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാന അനുമതി കമ്മിറ്റിക്കാണ് പദ്ധതി അംഗീകരിക്കുന്നതിനുള്ള ചുമതല. ജില്ലകളിൽ തയ്യാറാക്കുന്ന പദ്ധതി സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകുന്നു.

(ബി) ഉണ്ട്, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ നടത്തിപ്പ് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല അവലോകന കമ്മിറ്റിയും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഐ.ആർ.ഡി. എന്ന സ്ഥാപനവും അവലോകനം ചെയ്തിട്ടുണ്ട്. 2007-08 മുതൽ 2010-11 വരെ അനുവദിച്ച 316.60 കോടി രൂപയിൽ 236.52 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിമൂലം കൃഷി അനുബന്ധ മേഖലകളിലെ ഉൽപാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി കൂടി നടപ്പിലാക്കിയതുമൂലം കൃഷി അനുബന്ധ മേഖലകളിൽ ഉൽപാദനത്തിലും ഉൽപ്പാദനക്ഷമതയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നെല്ലുൽപ്പാദനത്തിൽ 1.15 ലക്ഷം ടണ്ണിന്റെ അധിക ഉൽപ്പാദനവും, 2006-07-ൽ 2437 കിലോഗ്രാം ഹെക്ടർ ഉൽപാദനക്ഷമത ഉണ്ടായിരുന്നത് 2009-10-ൽ 3030 കിലോഗ്രാം/ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. തെങ്ങിന്റെ ഉൽപാദനക്ഷമത 2007-08-ൽ 6889 തേങ്ങ/ഹെക്ടറായിരുന്നത് 2009/10-ൽ 8000 തേങ്ങ/ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്. പച്ചക്കറി ഉൽപാദനം 2009-10-ൽ 1 ലക്ഷം ടൺ അധികം ഉൽപാദനം രേഖപ്പെടുത്തിയിട്ടുണ്ട്. മൃഗ സംരക്ഷണ മത്സ്യബന്ധന മേഖലകൾ, ഡയറി എന്നിവയിൽ ഉണ്ടായ വർദ്ധനവ് ചുവടെ കുറിക്കുന്നു.

പാൽ ഉൽപാദനം

2006-07	2009-10
21.08 ലക്ഷം ടൺ	25.45 ലക്ഷം ടൺ

മുട്ട ഉൽപാദനം

2006-07	2009-10
119 കോടി	160 കോടി

മത്സ്യബന്ധന മേഖലകളിൽ 45% വർദ്ധനവ് രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി നടപ്പിലാക്കിയതുമൂലം ഉണ്ടായിട്ടുണ്ട്.

(ഡി&ഇ) 238.52 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ഊർജ്ജ സ്വലതയോടെയാണ് നടപ്പിലാക്കി വരുന്നത്.

രാഷ്ട്രീയ വികാസ് യോജന

159(2414) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം കൊല്ലം ജില്ലയിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾ തന്നാണ്ടിൽ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്ക് ഈ വർഷം എത്ര പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) ആയതിൽ എത്ര പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചു ; അത് ഏതൊക്കെയെന്നും അറിയിക്കുമോ ;

(ഡി) ഇത്തിക്കര ബ്ലോക്കിൽ ഈ വർഷം ഏതെങ്കിലും പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണ് ; പ്രവർത്തന പുരോഗതി അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly